Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

H1 | 33473 | 2011

GOVERNMENT OF KERALA

നം. 15566/ജെ2/11/പൊ.വി.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/05/2011

പ്രേക്ഷിതൻ
പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
18 MAY 2011
33473

സർ,

**വിഷയം:-** 12/01/2010 - ലെ ജി.ഒ (പി) നം. 10/10/പൊ.വി. ഉത്തരവിന് സ്പഷ്ടീകരണം - സംബന്ധിച്ച്.

12/01/2010 -ലെ ജി.ഒ (പി) നം. 10/10/പൊ.വി. ഉത്തരവിന്റെ V- ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ള 'പുതിയ' ഒഴിവുകളിൽ ഏതെല്ലാം ഉൾപ്പെടുമെന്ന് ധാരാളം വിദ്യാഭ്യാസ ഓഫീസർമാർ സംശയം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

മേൽ പ്രസ്താവിച്ച 'പുതിയ' ഒഴിവുകളിൽ 2010-11 മുതൽ ഉണ്ടാകുന്ന അധിക ഡിവിഷൻ ഒഴിവുകൾ മാത്രമല്ല, റിട്ടയർമെന്റ്, രാജി, മരണം, സ്ഥലംമാറ്റം, പ്രൊമോഷൻ, ദീർഘകാല അവധി തുടങ്ങിയവ മൂലമുണ്ടാകുന്ന ഒഴിവുകളും ഉൾപ്പെടുന്നതാണ്. നിയമന നിയന്ത്രണം ഉണ്ടായിരുന്നപ്പോൾ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾക്ക് തുല്യമായ എണ്ണം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ (കാറ്റഗറി പ്രശ്നമല്ല) നിയമിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ മേൽപ്പറഞ്ഞ ഒഴിവുകൾ മറ്റുള്ളവരെക്കൊണ്ട് നികത്തുവാൻ പാടുള്ളൂ.

മേൽപ്പറഞ്ഞ പ്രകാരമുള്ള സ്പഷ്ടീകരണം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുവാനും ആയത് പ്രകാരമുള്ള നടപടിക്രമങ്ങൾ ഉറപ്പുവരുത്തുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ തീരുമാനിച്ചിരിക്കുന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ
അജയകുമാർ കെ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം.എച്ച്1/33473/11/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 4/8/2011.

സർക്കാർ കത്തിന്റെ പകർപ്പ് താങ്കളുടെ അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

B Radhakrishnan
സൂപ്രണ്ട്.

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു. } വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

ഇ.ബി.25/8